(സി) മുൻപറഞ്ഞ അപേക്ഷപ്രകാരം പൂലയനാർകോട്ടയിൽ സാന്ത്വന ചികിത്സാ കേന്ദ്രം സ്ഥാപിക്കുന്നതിന് പ്രസ്തുത സന്നദ്ധ സംഘടനയ്ക്ക് അനുവാദം നൽകുമോ ?

ഉത്തരം

(എ) തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിൽ പാലിയം ഇന്ത്യ എന്ന സന്നദ്ധ സംഘടനയുടെ സാന്ത്വന ക്ലിനിക് പ്രവർത്തിക്കുന്നു.

(ബി) ഉണ്ട്.

(സി) പരിശോധിച്ചുവരുന്നു.

ഭക്ഷ്യസുരക്ഷാ നിയമം

35 (2586) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭക്ഷ്യസുരക്ഷാ നിയമം കാര്യക്ഷമമായി നടപ്പിലാക്കുന്നതിനായി നിലവിൽ ജീവനക്കാരുടെ കുറവുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) നിലവിൽ എത്ര ഫുഡ് സേഫ്റ്റി ആഫീസർമാരുടെ തസ്തിക സൃഷ്ടിക്കപ്പെട്ടിട്ടുണ്ടെന്ന് ജില്ല തിരിച്ച് അറിയിക്കുമോ ;

(സി) നിലവിൽ എത്ര ജീവനക്കാരുടെ കുറവുണ്ടെന്നുള്ള തസ്തിക തിരിച്ചുള്ള വിവരം അറിയിക്കുമോ ;

(ഡി) ആഹാരപദാർത്ഥങ്ങളുടെ പരിശോധനക്കായി നിലവിലുള്ള ലാബുകളുടെ എണ്ണം ജില്ല തിരിച്ച് അറിയിക്കുമോ ;

(ഇ) കൂടുതൽ ലാബുകൾ സ്ഥാപിക്കുന്നതിനും നിലവിലുള്ളവ നവീകരിക്കുന്നതിനും വേണ്ട പദ്ധതികൾ നിലവിലുണ്ടോ ; എങ്കിൽ വിശദാംശം അറിയിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) വിശദാംശം അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) തിരുവനന്തപുരം ജില്ലയിൽ ഒരു ഗവണ്മെന്റ് അനലിസ്റ്റ് ലബോറട്ടറിയും എറണാകുളം, കോഴിക്കോട് എന്നീ ജില്ലയിൽ ഓരോ റീജിയണൽ അനലിറ്റിക്കൽ ലബോറട്ടറിയും കൂടാതെ പത്തനംതിട്ടയിൽ ശബരിമല സാമ്പിളുകൾ പരിശോധിക്കുന്നതിനായി മാത്രം ഒരു ജില്ലാ ലാബും പ്രവർത്തിക്കുന്നുണ്ട്.

(ഇ) ഈ സാമ്പത്തിക വർഷംതന്നെ സംസ്ഥാനത്ത് പുതിയതായി മൂന്ന് മൊബൈൽ അനലിറ്റിക്കൽ ലബോറട്ടറികൾ തുടങ്ങുന്നതിനുള്ള പ്രവൃത്തികൾ അവസാന ഘട്ടത്തിലാണ്. നിലവിലുള്ള ലാബുകൾക്ക്, NABL അക്രഡിറ്റേഷൻ ലഭിക്കുന്നതിനുവേണ്ടിയുള്ള നടപടികൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. NABL അക്രഡിറ്റേഷൻ നടപടികൾ പൂർത്തീകരിക്കുന്നതിന് 2012-13 ബഡ്ജറ്റിൽ സംസ്ഥാന സർക്കാർ 35.35 ലക്ഷം രൂപ വകയിരുത്തിയിരുന്നതും 2013-14 ബഡ്ജറ്റിൽ 40 ലക്ഷം രൂപ വകയിരുത്തിയിട്ടുള്ളതുമാണ്. ആയത് സംബന്ധിച്ച തുടർ നടപടി സ്വീകരിക്കുന്നതിലേക്കായി Consultant ആയി CIFT (Central Institute of Fisheries Technology)-യെ നിശ്ചയിച്ചിട്ടുണ്ട്.

ഭക്ഷ്യസുരക്ഷാവകുപ്പ് നടത്തിയ പരിശോധനയുടെ അനന്തര നടപടികൾ

36 (2587) <u>ശ്രീമതി കെ. എസ്. സലീഖ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ സംസ്ഥാനത്ത് എത്ര ഹോട്ടലുകൾ, ബേക്കറികൾ, പച്ചക്കറി/പഴവർഗ്ഗ വില്പന ശാലകൾ, മറ്റ് ഭക്ഷ്യോല്പന്ന വിപണന ശാലകൾ, ഇന്ത്യൻ കോഫി ഹൗസു പോലുള്ള സഹകരണ സർക്കാർ ഹോട്ടലുകൾ, ക്യാൻറീനുകൾ, ഇറച്ചി വിപണന ശാലകൾ എന്നിവയിൽ ഭക്ഷ്യസുരക്ഷാ വകുപ്പ് പരിശോധന നടത്തിയെന്നും കുറ്റക്കാരായി കണ്ടെത്തിയ സ്ഥാപനങ്ങൾ എത്രയെന്നും പിഴയിനത്തിൽ പിരിച്ചെടുത്ത തുക എത്രയെന്നും വ്യക്തമാക്കാമോ ;

(ബി) ഒരിക്കൽ കുറ്റക്കാരായി കണ്ടെത്തുകയും ശിക്ഷാ നടപടികൾക്കുശേഷം വീണ്ടും കുറ്റക്കാരായി കണ്ടെത്തിയ എത്ര സ്ഥാപനങ്ങൾ ഉണ്ടെന്നും അത്തരം സ്ഥാപനങ്ങൾക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ ഇത്തരം സ്ഥാപനങ്ങളിൽനിന്നും ആഹാരവസ്തുക്കൾ കഴിച്ചതുമായി ബന്ധപ്പെട്ട് എത്രപേർ മരണപ്പെടുകയുണ്ടായി ; വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly